I ഇ.ബി. XIV - കേരള നിയമസഭ /IX-3

# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ജനുവരി 24, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ മുരളി പെരുനെല്ലി, സി. കെ. നാണു, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളന കാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## II അടിയന്തരപ്രമേയം

<u>യു.ഡി.എഫ്. ഹർത്താലിനെതിരെ നടന്ന അക്രമ പ്രവർത്തനങ്ങൾ</u>

<u>മി. സ്പീക്കർ</u>: പെരിന്തൽമണ്ണ നിയോജകമണ്ഡലം മുസ്ലീം ലീഗ് ഓഫീസ് 22-01-2018-ൽ എസ്.എഫ്.ഐ., ഡി.വൈ.എഫ്.ഐ. പ്രവർത്തകർ തല്ലിത്തകർത്തതിൽ പ്രതിഷേധിച്ച് 23.01.2018-ന് യു.ഡി.എഫ്. നടത്തിയ ഹർത്താലിൽ ബോധപൂർവ്വം പ്രകോപനമുണ്ടാക്കി പോലീസ് പെരിന്തൽമണ്ണ നഗരത്തിലും താലൂക്കിന്റെ വിവിധ ഭാഗങ്ങളിലും ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും സ്ത്രീകളെയും കുട്ടികളെയും ക്രൂരമായി മർദ്ദിക്കുകയും നിരപരാധികളായ നിരവധി പേർക്ക് പരിക്കേൽക്കുകയും പ്രദേശമാകെ ഭയാനകമായ സ്ഥിതി സൃഷ്ടിക്കുകയും ക്രമസമാധാന നില തകർക്കുകയും ചെയ്തതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. ഉമ്മർ, എ. പി. അനിൽ കുമാർ, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി <u>(ശ്രീ. പിണറായി വിജയൻ)</u>: 22-01-2018-ന് രാവിലെ 11.20-ഓടെ പെരിന്തൽമണ്ണ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട അങ്ങാടിപ്പുറം പോളിടെക്നിക് ക്യാമ്പസ്സ് ഓഡിറ്റോറിയത്തിൽ ക്യാന്റീൻ ഉദ്ഘാടനം നടന്നുകൊണ്ടിരിക്കെ യൂത്ത് ലീഗ് ബ്ലോക്ക് പ്രസിഡന്റ് ശ്രീ. അസ്കർ അലിയുടെ നേതൃത്വത്തിൽ പുറത്തുനിന്നുള്ള നൂറോളം ആളുകൾ മാരകായുധങ്ങളുമായി ഓടിക്കയറി വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ദേഹോപദ്രവം ഏൽപ്പിക്കുകയും കെട്ടിടങ്ങൾക്ക് കേടുപാട്

വരുത്തുകയും ബൈക്കുകളും കാറുകളും നശിപ്പിക്കുകയും ചെയ്തു. കോളേജ് പ്രിൻസിപ്പൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അസ്കർ അലിയെയും മറ്റും പ്രതികളാക്കി പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്നേ ദിവസം ഉച്ചയ്ക്ക് 12 മണിയോടെ പോളിടെക്നിക്കിലെ ഒരുകൂട്ടം വിദ്യാർത്ഥികൾ പെരിന്തൽമണ്ണ മണ്ഡലം മുസ്ലീം ലീഗ് ഓഫീസിന്റെ പൂട്ടുപൊളിച്ച് സാധന സാമഗ്രികളും നേതാക്കൻമാരുടെ ഛായാചിത്രങ്ങളും നശിപ്പിച്ചുവെന്ന് ആരോപിച്ച് ജനറൽ സെക്രട്ടറി നൽകിയ പരാതിയുടെ അടിസ്ഥാനത്തിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉച്ചയ്ക്ക് ഒരു മണിയോടെ പെരിന്തൽമണ്ണ സി.പി.ഐ.(എം) ഓഫീസിനുനേരെ നടത്തിയ കല്ലേറിൽ നേതാക്കൾക്ക് പരിക്കേൽക്കുകയും പോലീസ് വാഹനത്തിന് കേടുപാടുകൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംഭവത്തിലും പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടർന്ന് പെരിന്തൽമണ്ണ ജംഗ്ഷനിൽ യു.ഡി.എഫ്. നേതാക്കളും അങ്ങാടിപ്പുറം പോളിടെക്നിക്കിന് മുൻവശം എൽ.ഡി.എഫ്. പ്രവർത്തകരും റോഡ് ഉപരോധിക്കുകയും വാഹനങ്ങൾക്കും യാത്രക്കാർക്കും മാർഗ്ഗതടസ്സമുണ്ടാക്കുകയും ചെയ്തതുമായി ബന്ധപ്പെട്ട് ഇരുവിഭാഗങ്ങൾക്കുമെതിരെ പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വൈകിട്ട് 7.30-ഓടെ ഒരുകൂട്ടം ലീഗ് പ്രവർത്തകർ മങ്കട പോലീസ് സ്റ്റേഷൻ പരിധിയിലെ മക്കരപ്പറമ്പിലുള്ള

സി.പി.ഐ.(എം) ഓഫീസിൽ അതിക്രമിച്ച് കയറി ബൈജു, നിസാർ എന്നിവരെ ദേഹോപദ്രവം ഏൽപ്പിക്കുകയും ഫർണിച്ചറുകൾ നശിപ്പിക്കുകയും ചെയ്തതുമായി ബന്ധപ്പെട്ട് മങ്കട പോലീസ് സ്റ്റേഷനിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സംഭവങ്ങളിൽ പ്രതിഷേധിച്ച് 23.01.2018-ന് പെരിന്തൽമണ്ണ താലൂക്കിൽ യു.ഡി.എഫ്. ഹർത്താലിന് ആഹ്വാനം ചെയ്യുകയും ഹർത്താലിനിടെ സർക്കാർ ഓഫീസുകൾക്കും കെ.എസ്.ആർ.ടി.സി./പോലീസ് വാഹനങ്ങൾക്കും കേടുപാടുകൾ വരുത്തുകയും തടയാൻ ശ്രമിച്ച പോലീസ് ഉദ്യോഗസ്ഥർക്ക് നേരെ അക്രമം അഴിച്ചുവിടുകയും ചെയ്തു. ഹർത്താൽ ദിനത്തിലുണ്ടായ അക്രമങ്ങൾക്കും പൊതുമുതൽ നശിപ്പിച്ചതിനും നിയമപ്രകാരം കേസ്സെടുക്കുകയും പോലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ചതിന് ലീഗ്/യു.ഡി.എഫ്. പ്രവർത്തകരെ പ്രതികളാക്കി വിവിധ പോലീസ് സ്റ്റേഷനുകളിൽ 10 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ഇരുവിഭാഗത്തിലുംപെട്ട 45 പേരെ കസ്റ്റഡിയിലെടുക്കുകയും ചെയ്തിട്ടുണ്ട്. അക്രമം നടത്തിയവർക്കെതിരെ പോലീസ് നിയമാനുസൃത നടപടികൾ മാത്രമാണ് സ്വീകരിച്ചിട്ടുള്ളത്. കേസന്വേഷണം കുറ്റമറ്റ രീതിയിൽ നടന്നുവരികയാണ്. സ്ഥലത്തും പരിസരത്തും ഡിവൈ.എസ്.പി.-മാരുടെ നേതൃത്വത്തിൽ ശക്തമായ പോലീസ് സാന്നിദ്ധ്യം ഏർപ്പെടുത്തുകയും അക്രമങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതൽ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവർത്തകരെ പോലീസ് അടിച്ചൊതുക്കി

ഭീകരാന്തരീക്ഷം സൃഷ്ടിച്ചുവെന്ന അടിയന്തരപ്രമേയ നോട്ടീസിലെ പരാമർശം വാസ്തവവിരുദ്ധവും ദുരുദ്ദേശപരവുമാണ്. ക്രമസമാധാനം സംരക്ഷിക്കുന്നതിനുള്ള നടപടികളാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്. 23.01.2018-ൽ ജില്ലാ കളക്ടർ സമാധാന യോഗം വിളിച്ചുചേർത്തെങ്കിലും അത് ഫലപ്രാപ്തിയിലെത്തിയില്ല. ഇപ്പോൾ അവിടെ സമാധാനാന്തരീക്ഷം നിലനിർത്താൻ കഴിഞ്ഞിട്ടുള്ളതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. എം. ഉമ്മർ</u>: മുസ്ലീം ലീഗ് പ്രവർത്തകർ സി.പി.ഐ.(എം) ഓഫീസിലേയ്ക്ക് കല്ലെറിഞ്ഞപ്പോൾ പരിക്കുപറ്റിയത് പോലീസിനാണെന്ന ഒറ്റ വാചകത്തിൽനിന്നുതന്നെ വസ്തുതയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിലുള്ള നിഗൂഢതകൾ വ്യക്തമാണ്. വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്ന മുസ്ലീം ലീഗിന്റെ പാർട്ടി ഓഫീസിൽനിന്നും ഇതുവരെ മാരകായുധങ്ങളോ ബോംബോ കണ്ടെടുത്തിട്ടില്ല. മാരകായുധങ്ങളുമായി മുസ്ലീം ലീഗ് പാർട്ടി ഓഫീസ് തകർക്കുന്ന സംഭവം മലപ്പുറം ജില്ലയുടെ ചരിത്രത്തിലില്ലാത്തതാണ്. പെരിന്തൽമണ്ണ പോളിടെക്നിക്കിൽനിന്നും എസ്.എഫ്.ഐ.-യുടെയും ഡി.വൈ.എഫ്.ഐ-യുടെയും പ്രവർത്തകർ മാരകായുധങ്ങളുമായി നാഷണൽ ഹൈവേയിലൂടെ വന്നപ്പോൾ തടയാൻപോലും പോലീസിന് കഴിഞ്ഞില്ല. ഓഫീസിലെ ഫർണിച്ചർ, കമ്പ്യൂട്ടർ, ഫാൻ, എ.സി., നേതാക്കൻമാരുടെ ചിത്രങ്ങൾ എന്നിവയടക്കം അടിച്ചുതകർത്ത

സംഭവത്തെ ഗൗരവത്തിലെടുക്കാൻ സർക്കാർ തയ്യാറാകുന്നില്ല. കുറ്റക്കാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാനുള്ള ധാർമ്മിക ഉത്തരവാദിത്വം ഗവൺമെന്റിനുണ്ട്. പെരിന്തൽമണ്ണ സി.പി.ഐ.(എം.) ഓഫീസിൽ അക്രമം നടത്തിയവർക്ക് അഭയം നൽകുകയും ഒരു പരിക്കും പറ്റാത്ത ഇവരെ ആശുപത്രിയിലാക്കുകയുമാണുണ്ടായത്. അക്രമികൾക്കെതിരെ കേസെടുക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചില്ല. എസ്.എഫ്.ഐ. മാത്രം വിജയിക്കാറുള്ള പെരിന്തൽമണ്ണ പോളിടെക്നിക്കിൽ മറ്റാരെയും കൊടിനാട്ടാനോ സംഘടനാപ്രവർത്തനം നടത്താനോ അനുവദിക്കാറില്ല. അക്രമ സംഭവത്തിൽ പ്രതിഷേധിച്ച് പെരിന്തൽമണ്ണ താലൂക്കിൽ മാത്രമാണ് ഹർത്താൽ ആചരിച്ചത്. ഹർത്താൽ ദിവസം സമാധാനപരമായി നടന്ന യോഗത്തിൽ ജില്ലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ അനാവശ്യമായി പ്രകോപനമുണ്ടാക്കുകയും ടിയർഗ്യാസ് പൊട്ടിച്ച് ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും നൂറുകണക്കിന് നിരപരാധികളെ അറസ്റ്റ് ചെയ്യുകയും ചെയ്തു. മുഖ്യമന്ത്രിക്ക് ലഭിച്ച തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം പ്രസ്താവന നടത്തിയത്. സി.പി.ഐ.(എം.)-ന്റെ യുവജന-വിദ്യാർത്ഥി സംഘടനകൾ നടത്തുന്ന ഫാസിസ്റ്റ് ആക്രമണ രീതി കേരളത്തിൽ വച്ചുപൊറുപ്പിക്കാൻ കഴിയില്ല. ക്രമസമാധാനനില തകർന്നിരിക്കുന്ന സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച്

ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പെരിന്തൽമണ്ണ പോളിടെക്നിക്കിൽ എസ്.എഫ്.ഐ.യ്ക്ക് ഭൂരിപക്ഷം കിട്ടിയതിലുള്ള അമർഷമാണ് അദ്ദേഹം പ്രകടിപ്പിച്ചത്. പോളിടെക്നിക്ക് കോളേജിൽ കയറി തല്ലിയതിനെതിരെ വിദ്യാർത്ഥികൾ ഒന്നടങ്കം പ്രതിഷേധിച്ചതിന്റെ ഫലമായി സംഭവിക്കാൻ പാടില്ലാത്ത കാര്യങ്ങളാണുണ്ടായത്. മുസ്ലീം ലീഗ് ഓഫീസിന്റെ പൂട്ടുപൊളിച്ച് അകത്തുകടന്ന് നാശനഷ്ടങ്ങൾ വരുത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കും. പെരിന്തൽമണ്ണ താലൂക്കിൽ ഹർത്താലിന്റെ ഭാഗമായുണ്ടായ അക്രമങ്ങളിൽ അനേകം പോലീസുകാർക്ക് പരിക്കേറ്റിട്ടുണ്ട്. പോളിടെക്നിക്കിൽ കയറി അക്രമം നടത്തിയതും മുസ്ലീം ലീഗ് ഓഫീസ് ആക്രമിച്ചതും തുടർന്നുനടന്ന അക്രമസംഭവങ്ങളും അപലപനീയമാണ്. ഇതുസംബന്ധിച്ച് ഡോ.എം.കെ. മുനീറിന്റെ നേതൃത്വത്തിലുള്ള ലീഗ് പ്രതിനിധി സംഘം ഞാനുമായി സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ സമാധാനയോഗം വിളിച്ചെങ്കിലും ഫലപ്രാപ്തിയിലെത്തിയില്ല. കൂടുതൽ അക്രമസംഭവങ്ങളുണ്ടാകാതെ പ്രശ്നം പരിഹരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അവിടെയുണ്ടായ എല്ലാ പ്രശ്നങ്ങളിലും നിയമപരമായ നടപടി സ്വീകരിക്കുന്നതാണ്. പോലീസിന്റെയും ബന്ധപ്പെട്ട രാഷ്ട്രീയകക്ഷികളുടെയും ശ്രമഫലമായി പുനസ്ഥാപിക്കപ്പെട്ട

സമാധാനാന്തരീക്ഷം തുടർന്നുപോകണം.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, കെ. എം. മാണി, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III ശ്രദ്ധക്ഷണിക്കൽ

(1) തീരദേശ സുരക്ഷാ പാക്കേജ്

ശ്രീ. എസ്. ശർമ്മ: ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഒരു സമഗ്ര തീരദേശ സുരക്ഷാ പാക്കേജ് നടപ്പാക്കേണ്ട ആവശ്യകതയിലേയ്ക്കാണ് സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. കേരള തീരത്തിന്റെ സുരക്ഷയ്ക്കും തീരദേശവാസികളുടെ സംരക്ഷണത്തിനും മത്സ്യത്തൊഴിലാളികളുടെ ജീവിതസുരക്ഷയ്ക്കും ഭാവി പ്രവർത്തനങ്ങൾക്കും പര്യാപ്തമായ രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിക്കണം. ആരോഗ്യ-വിദ്യാഭ്യാസ കാര്യങ്ങളിലും സ്ത്രീകളുടെ അനുപാതത്തിന്റെ കാര്യത്തിലും ശിശുമരണനിലക്കിലുമുള്ള മത്സ്യമേഖലയുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് സമഗ്രമായ തീരദേശ സുരക്ഷാ പാക്കേജ് നടപ്പിലാക്കുന്നതിന് സംസ്ഥാന

ഗവൺമെന്റ് മുൻകയ്യെടുക്കണം. വനാവകാശ നിയമ പ്രകാരം ആദിവാസികൾക്ക് വനഭൂമി നൽകുന്നതുപോലുള്ള പരിരക്ഷ തീരദേശവാസികൾക്കും നൽകാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും കേരള തീരത്തെ അപകടസാദ്ധ്യത വിശകലനം ചെയ്യുന്നതിനുമായി ഒരു ത്രിമാന ഭൂപടം തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്. മത്സ്യബന്ധന യാനങ്ങളിൽ ജീവൻരക്ഷാ ഉപകരണങ്ങൾ സജ്ജീകരിക്കുന്നതോടൊപ്പം രക്ഷാപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി മത്സ്യബന്ധന യാനങ്ങളുടെയും തൊഴിലാളികളുടെയും വിശദാംശങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഉടൻ നടപ്പിലാക്കുന്നതാണ്. കടലിൽപ്പോകുന്ന മത്സ്യത്തൊഴിലാളികളുമായി ആശയവിനിമയം നടത്തുന്നതിനായി ഐ.എസ്.ആർ.ഒ.-യുടെ ഉപഗ്രഹ സാങ്കേതികവിദ്യ ഉപയോഗിച്ച് 1500 കി.മീ. വരെ വാർത്താവിനിമയം സാദ്ധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും കടലിൽ അകപ്പെട്ടുപോകുന്ന മത്സ്യത്തൊഴിലാളികളുടെ യഥാർത്ഥ സ്ഥാനം മനസ്സിലാക്കുന്നതിന് നാവിക് ഉപകരണങ്ങളിൽ റേഡിയോ ബീക്കണുകൾ ഘടിപ്പിക്കുന്നതുമാണ്. കാലാവസ്ഥ, കടലിന്റെ പ്രക്ഷുബ്ധാവസ്ഥ എന്നിവ

സംബന്ധിച്ചുള്ള വിവരങ്ങൾ മത്സ്യത്തൊഴിലാളികളെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള സംവിധാനവും കരയിലിരുന്നുകൊണ്ട് യാനങ്ങളുടെ സഞ്ചാര പാത മനസ്സിലാക്കുന്നതിന് ഓട്ടോമാറ്റിക് വെസൽ ട്രാക്കിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. മത്സ്യബന്ധനത്തിന് പോകുന്നവർ ലൈഫ് ജാക്കറ്റ് നിർബന്ധമായും കൊണ്ടുപോകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് വൈദ്യസഹായം എത്തിക്കുന്നതിന് 'മറൈൻ ആംബുലൻസ്' ഏർപ്പെടുത്തുന്നതാണ്. മത്സ്യബന്ധന യാനങ്ങളുടെ ആധുനികവത്കരണം, സൗരോർജ്ജത്തെ അടിസ്ഥാനമാക്കിയുള്ള ഡി-സാലിനേഷൻ പ്ലാന്റുകൾ, മറൈൻ സ്കിൽ ഡെവലപ്പ്മെന്റ് കേന്ദ്രങ്ങൾ എന്നിവയ്ക്കുള്ള നിർദ്ദേശങ്ങളുൾപ്പെടുത്തി 7340 കോടി രൂപയുടെ സമഗ്ര പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. തീരദേശ മേഖലയിൽ ദുരന്തങ്ങളുണ്ടായാൽ നേരിടാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് വിശദമായി പഠിക്കുന്നതിനായി നിയോഗിച്ച സമിതി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികളുടെ പങ്ക് ഉറപ്പാക്കിക്കൊണ്ട് പ്രത്യേക സംവിധാനങ്ങൾ ഒരുക്കുന്നതാണ്. മത്സ്യത്തൊഴിലാളികൾക്ക് നൽകേണ്ട പ്രത്യേക നിയമ പരിരക്ഷയെ സംബന്ധിച്ച് സംസ്ഥാന സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) വന്യജീവി ആക്രമണം

ശ്രീ. സണ്ണി ജോസഫ്: മനുഷ്യജീവനും സ്വത്തിനും നാശനഷ്ടം സംഭവിക്കുന്ന തരത്തിലുള്ള വന്യജീവി ആക്രമണങ്ങൾ തടയുന്നതിനും നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ഉപദ്രവകാരികളായ വന്യജീവികളെ കൊല്ലാൻ നിയമവ്യവസ്ഥയിൽ ഇളവ് വരുത്തുകയും വന്യമൃഗ ശല്യം തടയുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുകയും വനം വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുകയും വേണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): വന്യമൃഗങ്ങൾ നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുന്നതും വളർത്തുമൃഗങ്ങൾക്കും മനുഷ്യ ജീവനും ഭീക്ഷണിയാകുന്നതും തടയുന്നതിന് വനം വകുപ്പ് വിവിധ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ജനവാസ മേഖലയിൽ വന്യജീവികൾ കടന്നിട്ടുള്ളതായി അറിഞ്ഞാൽ പ്രദേശവാസികളുടെ മൊബൈൽ ഫോണുകളിലേയ്ക്ക് എസ്.എം.എസ്. മുഖാന്തിരം അറിയിപ്പ് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ എത്തിക്കുന്നതിന് ദ്രുതകർമ്മ സേനയുടെ സേവനം വിനിയോഗിച്ചുവരുന്നു. നിലവിലുള്ള ആർ.ആർ.ടി. (റാപ്പിഡ് റെസ്പോൺസ് ടീം), എലിഫന്റ് സ്ക്വാഡ് എന്നിവയ്ക്കുപുറമേ വന്യജീവി ആക്രമണം വർദ്ധിക്കുന്ന പ്രദേശത്ത് പ്രാദേശികമായി വാഹനം, ഉദ്യോഗസ്ഥർ എന്നിവ പുനർവിന്യസിച്ച് താൽക്കാലിക ആർ.ആർ.ടി.-കൾ രൂപീകരിക്കുന്നുണ്ട്.

പഞ്ചായത്ത്-മുനിസിപ്പൽ തലത്തിൽ തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും അംഗങ്ങളായുള്ള ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതവേലി, ആനപ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിൽ എന്നിവ നിർമ്മിച്ചിട്ടുണ്ട്. സ്ഥിരമായി ജനവാസകേന്ദ്രങ്ങളിലിറങ്ങുന്ന വന്യമൃഗങ്ങളെ മയക്കുവെടി വച്ചോ കൂടുകൾ സ്ഥാപിച്ചോ പിടികൂടി ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലകളിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യുക, വന്യജീവികളെ ആകർഷിക്കുന്ന കൃഷി രീതികൾ ഒഴിവാക്കുന്നതിന് കർഷകരിൽ അവബോധം സൃഷ്ടിക്കുക, വന്യജീവി ആക്രമണംമൂലം കൃഷിനാശം നേരിടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിലെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുക എന്നിവയ്ക്കുപുറമെ വനത്തിനുള്ളിൽ വന്യമൃഗങ്ങൾക്കായി ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവത്കരണം നടത്തുന്നതിനും മാർഗ്ഗനിർദ്ദേശങ്ങളാവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം ജീവഹാനി സംഭവിക്കുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം 10 ലക്ഷം രൂപയാക്കാനും വനത്തിന് പുറത്തുവച്ച് പാമ്പ് കടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായം 2 ലക്ഷം രൂപയാക്കാനും സ്ഥിരം അംഗവൈകല്യം സംഭവിക്കുന്നവർക്കുള്ള ധനസഹായം 2 ലക്ഷം രൂപയാക്കാനുമുള്ള

നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ജനുവരി 31 വരെ വനം വകുപ്പിൽ റിപ്പോർട്ട് ചെയ്യുന്ന എല്ലാ ഒഴിവുകളും നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## IV സബ്മിഷൻ

### (1) പ്രൊബേഷണറി എസ്.ഐ.-യുടെ ആത്മഹത്യ

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): എറണാകുളം നോർത്ത് പോലീസ് സ്റ്റേഷനിലെ പ്രൊബേഷണറി എസ്.ഐ.-യുടെ ആത്മഹത്യ സംബന്ധിച്ച് ഐ.ജി./എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): എറണാകുളം ടൗൺ നോർത്ത് പോലീസ് സ്റ്റേഷനിലെ പ്രൊബേഷണറി എസ്.ഐ. ആയിരുന്ന റ്റി. ഗോപകുമാർ ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട സംഭവത്തിൽ ക്രൈം നമ്പർ 124/18 ആയി കേസ് രജിസ്റ്റർ ചെയ്യുകയും മരണപ്പെട്ടയാളുടെ ബന്ധുക്കളുടെയും ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ ഇൻക്വസ്റ്റ് തയ്യാറാക്കി കളമശ്ശേരി മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടം നടത്തുകയും ചെയ്തിട്ടുണ്ട്. ഗോപകുമാറിന്റെ ആത്മഹത്യ സംബന്ധിച്ച് കൊച്ചി

സിറ്റി പോലീസ് ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം വിശദമായ അന്വേഷണം നടത്തിവരികയാണ്. കൊച്ചിയിൽ പുതുതായി ചാർജ്ജെടുത്ത ഐ.ജി.-യെ ഈ കേസിന്റെ അന്വേഷണച്ചുമതല ഏൽപ്പിക്കുന്നതാണ്.

(2) പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവ്

ശ്രീ. പി. കെ. ശശി: പെട്രോൾ-ഡീസൽ വില നിശ്ചയിക്കാനുള്ള എണ്ണക്കമ്പനികളുടെ അവകാശം എടുത്തുകളയണമെന്നും പെട്രോളിയം ഉല്പന്നങ്ങളിന്മേലുള്ള കേന്ദ്ര ഗവൺമെന്റിന്റെ എക്സൈസ് തീരുവയിൽ കുറവ് വരുത്തണമെന്നുമുള്ള സംസ്ഥാനത്തിന്റെ പൊതുവികാരം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധനവിന് കാരണം കേന്ദ്ര എക്സൈസ് തീരുവയിൽ വന്നിട്ടുള്ള ക്രമാതീതമായ വർദ്ധനവാണ്. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില കുറയുമ്പോൾ രാജ്യത്ത് പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നടപടി ന്യായീകരിക്കാനാകുന്നതല്ല. സംസ്ഥാന ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പെട്രോളിയം ഉല്പന്നങ്ങൾക്ക്

ഇതുവരെ നികുതി വർദ്ധിപ്പിച്ചിട്ടില്ല. പെട്രോളിയം കമ്പനികളുടെ കൊള്ളയും കേന്ദ്ര സർക്കാരിന്റെ നികുതി വർദ്ധനയും മാത്രമാണ് വിലവർദ്ധനയ്ക്ക് കാരണം. സ്വകാര്യ പെട്രോളിയം കമ്പനികളെ സഹായിക്കാനാണ് പെട്രോളിയം ഉല്പന്നങ്ങളുടെ വിലനിർണ്ണയാവകാശം എണ്ണക്കമ്പനികൾക്ക് നൽകിയിട്ടുള്ളത്. ക്രൂഡ് ഓയിലിന് വില കുറയുമ്പോൾ എക്സൈസ് നികുതി വർദ്ധിപ്പിച്ച് വിലയിടിവിന്റെ നേട്ടം ജനങ്ങൾക്ക് നിഷേധിക്കുന്ന നയമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. പെട്രോളിയം ഉല്പന്നങ്ങളുടെ അനിയന്ത്രിതമായ വിലവർദ്ധന ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിന് കാരണമായിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനവുമൂലം സംസ്ഥാനത്തെ ജനങ്ങൾക്കുണ്ടായിട്ടുള്ള ദുരിതം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(3) <u>പറമ്പിക്കുളം-ആളിയാർ നദീജല കരാർ</u>

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ ജലസേചനത്തിനും കുടിവെള്ളത്തിനുമായി പറമ്പിക്കുളം-ആളിയാർ നദീജല കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. ബി.ഡി. ദേവസ്സി:</u> പറമ്പിക്കുളം-ആളിയാർ നദീജല കരാർ പ്രകാരം

ഷോളയാർ നിറയ്ക്കുന്നതിനും കരാർ പുതുക്കി നിശ്ചയിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം സംസ്ഥാനത്തിന് ഒരു വർഷം ലഭിക്കേണ്ട 7.25 ടിഎംസി ജലത്തിൽ ആകെ ലഭിച്ചത് 4.25 ടിഎംസി ജലമാണ്. ജല വർഷത്തിന്റെ തുടക്കം മുതൽ ജലസേചന വകുപ്പും കേരള സർക്കാരും കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കാൻ നടത്തിയ ശ്രമങ്ങളുടെ ഫലമായി ഏറെക്കുറെ ജലം ലഭ്യമായിട്ടുണ്ട്. PAP കരാർ പ്രകാരം കേരളത്തിനവകാശപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 19-01-2018-ൽ തിരുവനന്തപുരത്തുവച്ച് ഇരു സംസ്ഥാനങ്ങളിലേയും സെക്രട്ടറിമാർ പങ്കെടുത്തുകൊണ്ട് അന്തർ-സംസ്ഥാന നദീജലം സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. കേരളത്തിന് ചിറ്റൂർ പുഴ പദ്ധതിയിലേയ്ക്ക് 2018 ഫെബ്രുവരി 15 വരെ 400 ക്യൂസെക്സ് ജലം എന്ന തോതിൽ ലഭ്യമാക്കാമെന്നും ഇതിനുശേഷമുള്ള ജലവിതരണത്തെപ്പറ്റി ചെന്നൈയിൽ ചേരുന്ന സെക്രട്ടറിതല യോഗത്തിൽ തീരുമാനമാകാമെന്നും ധാരണയായി. ഇത് തമിഴ്നാട്ടിലാകെ പ്രതിഷേധത്തിന് കാരണമാകുകയും കേരളത്തിന്റെ ആശങ്ക

തമിഴ്നാട് ചീഫ് സെക്രട്ടറിയെ അറിയിക്കുകയുമുണ്ടായി. കേരളത്തിന്റെ തുടർച്ചയായ ഇടപെടലിനെ തുടർന്ന് ജനുവരി 19-നുണ്ടാക്കിയ ധാരണ പ്രകാരമുള്ള വെള്ളം ലഭ്യമാക്കാമെന്ന് തമിഴ്നാട് അറിയിച്ചിട്ടുണ്ട്. തമിഴ്നാടുമായി തുടർ ചർച്ചകൾ നടത്തി മെച്ചപ്പെട്ട ജല വിഹിതം നേടിയെടുത്ത് കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള സാധ്യതകൾ ആരായുന്നതാണ്.

(4) നോൺ ക്രീമീലെയർ സർട്ടിഫിക്കറ്റിനുള്ള വരുമാന പരിധി

ശ്രീ. പി.കെ അബ്ദു റബ്ബ്: പിന്നോക്ക വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള വരുമാന പരിധി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): പിന്നോക്ക വിഭാഗക്കാർക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള വരുമാന പരിധി വർദ്ധിപ്പിക്കാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല. കേന്ദ്ര സർക്കാർ ക്രീമിലെയർ വരുമാന പരിധി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ വിഷയം പരിശോധിക്കുന്നതാണ്.

(5) മലമ്പുഴ റിസർവോയറിൽ നിന്ന് ജലം നൽകുന്നതിനുള്ള മുൻഗണന

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: പാലക്കാട് ജില്ലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും കാർഷിക-വ്യാവസായികാവശ്യങ്ങൾക്കായി ജലം ലഭ്യമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പാലക്കാട് ജില്ലയിലെ വരൾച്ച കണക്കിലെടുത്ത് ഭാരതപ്പുഴയിൽ നിന്നും കുടിവെള്ള പദ്ധതികൾക്കായി ജലം തുറന്നുവിടാറുണ്ട്. മലമ്പുഴ അണക്കെട്ടിന് ഈ വർഷവും പൂർണ്ണ സംഭരണശേഷിയില്ലാത്തതിനാൽ ജലവിതരണം ക്രമീകരിച്ചിട്ടുണ്ട്. 2011-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനപ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് കൊടുക്കേണ്ട 96 MLD ജലത്തിൽനിന്നും കിൻഫ്രയ്ക്ക് 10 MLD ജലം വിട്ടുകൊടുക്കാൻ 31-1-2015-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. കുടിവെള്ളം, കാർഷികാവശ്യം തുടങ്ങി മുൻഗണനാടിസ്ഥാനത്തിൽ നൽകിയതിനുശേഷം മാത്രമേ വ്യാവസായികാവശ്യത്തിനായി ജലം നൽകാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(6) റോഡ് റെസ്റ്റോറേഷൻ ചാർജ്

ശ്രീ. ചിറ്റയം ഗോപകുമാർ: അടൂർ മണ്ഡലത്തിലെ കെ.പി. റോഡിലുള്ള കാലപ്പഴക്കം ചെന്ന എ.സി. പൈപ്പുകൾ പൊട്ടുന്നതുമൂലം ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയുണ്ടാകുന്നതിനാൽ അടിയന്തരമായി തുക വകയിരുത്തി പഴയ

പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): അടൂർ കെ.പി. റോഡിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി 2014-ൽ ഭരണാനുമതി നൽകുകയും കേരള വാട്ടർ അതോറിറ്റി ദർഘാസ് ക്ഷണിച്ച് പദ്ധതി കരാറുകാരെ ഏൽപ്പിക്കുകയും അവർ നിർമ്മാണത്തിനാവശ്യമായ പൈപ്പ്ലൈനുകൾ സപ്ലൈ ചെയ്യുകയും കൈപ്പട്ടൂർ മുതൽ ചറാണിക്കൽ വരെയുള്ള പമ്പിംഗ് ലൈൻ മാറ്റി സ്ഥാപിക്കുകയും ചെയ്തു. റോഡ് റെസ്റ്റൊറേഷൻ ചാർജ്ജ് ഇനത്തിൽ 60,20,000/- രൂപയുടെ എസ്റ്റിമേറ്റാണ് വാട്ടർ അതോറിറ്റി തയ്യാറാക്കിയിരുന്നത്. വാട്ടർ അതോറിറ്റി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെങ്കിലും പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനാവശ്യമായ തുക കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(7) വെബ്സൈറ്റിന്റെ പ്രവർത്തനം

ശ്രീ. വി. ഡി. സതീശൻ: വെബ്സൈറ്റ് പ്രവർത്തനരഹിതമായതിനെത്തുടർന്ന് സംസ്ഥാനത്ത് 9 മാസമായി മുടങ്ങിക്കിടക്കുന്ന ക്ഷേമപെൻഷനുകൾ കുടിശ്ശികയുൾപ്പെടെ വിതരണം ചെയ്യുന്നതിനും വെബ്സൈറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 60 വയസ്സ് കഴിഞ്ഞവർക്കും ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ളവർക്കുമാണ് സാമൂഹ്യസുരക്ഷാ പെൻഷൻ നൽകുന്നത്. 3 വർഷം മുമ്പ് 25 ലക്ഷമായിരുന്ന പെൻഷൻകാരുടെ എണ്ണം 42 ലക്ഷമായി വർദ്ധിച്ച സാഹചര്യത്തിൽ അനർഹർ കടന്നുകൂടിയിട്ടുണ്ടോയെന്ന് കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അവ പൂർത്തിയാകുന്ന മുറയ്ക്ക് വെബ്സൈറ്റ് പ്രവർത്തനക്ഷമമാകുന്നതാണ്.

(8) <u>ബൈപ്പാസിന് ഫണ്ട് അനുവദിക്കൽ</u>

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ദേശീയ പാതയിൽ കോഴിക്കോട്-തൃശ്ശൂർ ഭാഗത്ത് വളാഞ്ചേരിയിലെ ഗതാഗതക്കുരുക്ക് നീക്കുന്നതിനും വട്ടപ്പാറയിലെ അപകടങ്ങൾ ഒഴിവാക്കുന്നതിനുമായി നിർമ്മിക്കുന്ന കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് പൂർത്തീകരിക്കുന്നതിനാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിനും അനുബന്ധ നടപടികൾക്കുമായി ഫണ്ട് അനുവദിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസിന്റെ സ്ഥലമേറ്റെടുപ്പിനും റോഡ് നിർമ്മാണത്തിനുമായി നാളിതുവരെ 35 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വിശദാംശങ്ങളും പ്രവൃത്തിയുടെ പുരോഗതിയും സംബന്ധിച്ച ഫയൽ സമർപ്പിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ച് ആവശ്യമായ നടപടി

സ്വീകരിക്കുന്നതാണ്.

(9) ഭിന്നശേഷിക്കാരുടെ സംരക്ഷണം

ശ്രീ. പി. സി. ജോർജ്: ഭിന്നശേഷിക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും അവരുടെ വിദ്യാഭ്യാസം സൗജന്യമാക്കുന്നതിനും സ്പെഷ്യൽ സ്കൂളുകളിലെ ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ഏർളി ഡിറ്റെക്ഷൻ മുതൽ റീഹാബിലിറ്റേഷൻ വരെയുള്ള കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഭിന്നശേഷിക്കാർക്കുവേണ്ടി 'അനുയാത്രാ' പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. ആർ.പി.ഡബ്ല്യു. ആക്ട് അനുസരിച്ച് അംഗീകരിച്ചിട്ടുള്ള 21 വിഭാഗത്തിലുള്ള ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിചരണം കൊടുക്കുന്നതിനായി 25 മൊബൈൽ യൂണിറ്റുകൾ സംസ്ഥാനത്തൊട്ടാകെ പരിശോധന നടത്തി ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകി വരികയാണ്. റീഹാബിലിറ്റേഷൻ സെന്ററുകളും ബഡ്സ് സ്കൂളുകളും നവീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് സ്പെഷ്യൽ ഒളിമ്പിക്സിന്റെ നടത്തിപ്പിന് എൻ.ജി.ഒ.മാരെ ചുമതലപ്പെടുത്തുകയും സംസ്ഥാന വിഹിതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കുവേണ്ടിയുള്ള പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നതിലൂടെ

കുട്ടികളുടെയും ഇവരെ പരിചരിക്കുന്ന ജീവനക്കാരുടെയും പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ദീനദയാൽ റീഹാബിലിറ്റേഷൻ സ്കീമിൽ 12 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

(10) മന്ത് രോഗ വ്യാപനം

ശ്രീ. ഇ. കെ. വിജയൻ: നാദാപുരം മണ്ഡലത്തിൽ കായക്കൊടി ഗ്രാമപഞ്ചായത്തിൽ ഇതര സംസ്ഥാന തൊഴിലാളികളിൽ മന്ത് രോഗം സ്ഥിരീകരിച്ച സാഹചര്യത്തിൽ രോഗം വ്യാപിക്കുന്നത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): മന്ത്, കുഷ്ഠം തുടങ്ങിയ രോഗങ്ങൾ സമൂഹത്തിൽ നിന്നും പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യപ്പെട്ടിട്ടില്ല. Sustainable Development Goal-ന്റെ ഭാഗമായി ആരോഗ്യ വകുപ്പ് 2020-ഓടുകൂടി ഇത്തരം രോഗങ്ങൾ ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. മന്തുരോഗ നിർമ്മാർജ്ജന പ്രവർത്തനവും പ്രതിരോധ പ്രവർത്തനവും രോഗം വന്നവർക്കുള്ള ചികിത്സയും കൃത്യമായി നടത്തുന്നതിന് എക്സ്പെർട്ട് ഗ്രൂപ്പിനെ നിയോഗിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പിലെ മിസ്റ്റ് ടീമിന്റെ (മൊബൈൽ ഇമിഗ്രന്റ് സ്ക്രീനിംഗ് ടീം) പരിശോധനയിൽ നിരവധി പേർക്ക് മന്തുരോഗം സ്ഥിരീകരിക്കപ്പെടുകയും ചികിത്സ

ഉറപ്പുവരുത്തുകയും ചെയ്തു. കായക്കൊടി പി.എച്ച്.സി.-യിൽ രക്തസാമ്പിളുകൾ പരിശോധിച്ചതിൽ 39 ആളുകൾക്ക് മന്തുരോഗം സ്ഥിരീകരിച്ചു. ജില്ലാ മെഡിക്കൽ ഓഫീസറുടെയും ജില്ലാ സർവേയലൻസ് ഓഫീസറുടെയും നേതൃത്വത്തിൽ പ്രസ്തുത സ്ഥലം സന്ദർശിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്കുപുറമെ പ്രദേശവാസികളുടെയും രക്തസാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യ ജാഗ്രതാ വോളണ്ടിയർമാർക്കും പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾക്കും ആശ, കുടുംബശ്രീ, അംഗൻവാടി വർക്കർമാർക്കും മന്തുരോഗ പ്രതിരോധ പ്രവർത്തനത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് നടത്തുകയുണ്ടായി. ഇതിനുപുറമെ ഡി.വി.സി. യൂണിറ്റിന്റെ നേതൃത്വത്തിൽ കൊതുകുസാന്ദ്രതാ പഠനവും രോഗനിരീക്ഷണവും നടത്തിയിട്ടുണ്ട്. മന്തുരോഗ സാധ്യത കൂടുതലായുള്ള സ്ഥലങ്ങളിൽ തദ്ദേശവാസികൾക്ക് ഡി.ഇ.സി., ആൽബൻഡസോൾ ഗുളികകൾ നൽകുകയും പോസ്റ്റ് എം.ഡി.എ. സർവേയലൻസിന്റെ ഭാഗമായി രോഗനിരീക്ഷണം, ചികിത്സ എന്നിവ നടത്തിവരികയും ചെയ്യുന്നു. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെ ഉദ്യോഗസ്ഥർ നടത്തുന്ന രാത്രികാല മന്തുരോഗ രക്തപരിശോധനയ്ക്കു പുറമെ കോഴിക്കോട് ബീച്ച് ആശുപത്രിയിൽ എല്ലാ വെള്ളിയാഴ്ചയും രാത്രികാല രക്ത പരിശോധനയ്ക്കുള്ള

സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

## IV **മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവര പട്ടികയിലെ ലിസ്റ്റ് -1 പ്രകാരവും ലിസ്റ്റ്-2 പ്രകാരവുമുള്ള (ചട്ടം 47 (2) അനുസരിച്ചുള്ളത്) കടലാസുകൾ മേശപ്പുറത്തുവച്ചു.

## V **റിപ്പോർട്ട് സമർപ്പണം**

1. കാര്യോപദേശക സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

2. കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ), കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെംഡൽ) എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പ്രത്യേക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

3. 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

4. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അൻപത്തിയഞ്ച് മുതൽ അറുപത്തിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## VI **റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VII നിയമനിർമ്മാണ കാര്യം

<u>ക്രമപ്രശ്നം</u>

(i) <u>ഓർഡിനൻസുകൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്</u>

<u>ശ്രീ. വി. ഡി. സതീശൻ</u>: 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബില്ലിന്റെ ആദ്യത്തെ ഓർഡിനൻസിൽ ഏഴ് ആക്ടുകളുടെ ഭേദഗതിയാണുള്ളത്. ഇതിൽ അഞ്ച് ഓർഡിനൻസുകൾ മലയാളത്തിലും രണ്ടു എണ്ണം ഇംഗ്ലീഷിലുമാണ്. ഇത്തരം നടപടികൾ അനൗചിത്യമാണ്. 2017 ഡിസംബർ 20-ന് ഈ ഓർഡിനൻസ് റീ പ്രൊമുൽഗേറ്റ് ചെയ്തപ്പോൾ ഇതിലെ തെറ്റ് മനസ്സിലാക്കാൻ സാധിച്ചെങ്കിലും മലയാളത്തിലുള്ള കേരള ഭൂജല നിയന്ത്രണ ആക്ട് വീണ്ടും ഇംഗ്ലീഷിലിറക്കുകയുണ്ടായി. മലയാളത്തിലുള്ള ഒറിജിനൽ നിയമങ്ങളുടെ ഭേദഗതികൾക്കുള്ള ഓർഡിനൻസ് മലയാളത്തിൽതന്നെ ഇറക്കണം. വളരെ അശ്രദ്ധമായി ഇത്തരം ഓർഡിനൻസുകൾ ഇറക്കുന്നതിനെതിരെ കർശന നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. ഉമ്മർ</u>: 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബില്ലിലെ അഞ്ച് വ്യത്യസ്ത നിയമങ്ങൾക്കാണ് ഭേദഗതി കൊണ്ടുവരുന്നത്. ഈ അഞ്ച് നിയമങ്ങളും കേരള നിയമസഭയുടെ നടപടിക്രമങ്ങളും

കൃത്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ വ്യവസ്ഥ അനുസരിച്ച് വ്യത്യസ്ത സബ്ജക്ട് കമ്മിറ്റികൾ ചർച്ച ചെയ്യേണ്ടതും റിപ്പോർട്ട് സഭയുടെ മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്. ഓരോ സബ്ജക്ട് കമ്മിറ്റിയും ഇതുസംബന്ധിച്ച് പ്രത്യേകം ചർച്ച ചെയ്താൽ കൂടുതൽ അംഗങ്ങൾക്ക് അഭിപ്രായം രേഖപ്പെടുത്താൻ അവസരം ലഭിക്കും. നിയമനിർമ്മാണ പ്രക്രിയയുടെ സാങ്കേതിക വശങ്ങൾ വിസ്മരിച്ചുകൊണ്ട് വെറും കീഴ്‌വഴക്കങ്ങളുടെ പിൻബലത്തിൽ ഇത്തരം ബില്ലുകൾ കൊണ്ടുവരുന്നത് തികച്ചും അശാസ്ത്രീയമാണ്. ഇത് ഒരിക്കലും അനുവദിക്കാൻ പാടില്ല. ആയതിനാൽ ഇതുസംബന്ധിച്ച് ബഹു. സ്പീക്കർ ശക്തമായ റൂളിംഗ് നൽകണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 2017 ഒക്ടോബർ 20-ന് പുറപ്പെടുവിച്ച കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ് വഴി ഏഴ് ആക്ടുകൾക്കാണ് ഭേദഗതി കൊണ്ടുവരുന്നത്. ഈ ബില്ലിനെ അടിസ്ഥാനമാക്കി രണ്ട് ഓർഡിനൻസുകളാണുള്ളത്. പ്രസ്തുത ഓർഡിനൻസുകൾ പുറപ്പെടുവിച്ചത് ഇംഗ്ലീഷിലാണ്. ചില അടിയന്തര ഘട്ടങ്ങളിൽ ഓർഡിനൻസുകൾ ഇപ്രകാരം ഇംഗ്ലീഷിൽ പുറപ്പെടുവിക്കാറുണ്ട്. ആയതിനാൽ ഈ രണ്ട് ബില്ലുകളും ക്രമപ്രകാരമുള്ളതാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ): പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശങ്ങളും വികസന ആക്ട്, കേരള ഭൂജല ആക്ട്, കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്ട് എന്നിവയുടെ ലൈസൻസ്, അംഗീകാരം, ക്ലിയറൻസ് എന്നിവ സംബന്ധിച്ച വ്യവസ്ഥകളിലുള്ള ഭേദഗതിയാണ് 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബില്ലിലൂടെ അവതരിപ്പിക്കുന്നത്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 232(2) പ്രകാരം പ്രസ്തുത ചട്ടത്തിന്റെ അഞ്ചാം പട്ടികയിൽ കാണിച്ചിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് അതിന് നേരെ കാണിച്ചിരിക്കുന്ന സബ്ജക്ട് കമ്മിറ്റി പ്രസ്തുത വിഷയം കൈകാര്യം ചെയ്യണമെന്ന് മാത്രമേ വ്യവസ്ഥ ചെയ്യുന്നുള്ളൂ. പ്രസ്തുത ചട്ടങ്ങളിലെ ക്ലിപ്ത നിബന്ധന പ്രകാരം സബ്ജക്ട് കമ്മിറ്റിക്ക് അലോക്കേറ്റ് ചെയ്യുന്ന വിഷയങ്ങളിൽ ബഹുമാനപ്പെട്ട സ്പീക്കർക്ക് സഭാ നേതാവുമായി കൂടിയാലോചിച്ചശേഷം ഭേദഗതി വരുത്താവുന്നതാണ്. ആയതിനാൽ ഈ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

റൂളിംഗ്

മി. സ്പീക്കർ: 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും

സുഗമമാക്കലും ബിൽ എന്ന പേരിൽ പരിഗണിക്കപ്പെടുന്ന രണ്ട് ബില്ലുകൾ തയ്യാറാക്കിയതിലും അവതരിപ്പിക്കുന്നതിലും സബ്ജക്ട് കമ്മിറ്റി പരിഗണിക്കുന്നതിൽ അപാകതയും ചട്ടങ്ങളുടെയും കീഴ്‌വഴക്കങ്ങളുടെയും ലംഘനവുമുണ്ടെന്ന അംഗങ്ങളുടെ ക്രമപ്രശ്നങ്ങളിന്മേൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വിശദീകരണം നൽകിയിട്ടുണ്ട്. വ്യത്യസ്തമായ മൂലനിയമങ്ങൾ ഭേദഗതി ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ അവ ക്ലബ്ബ് ചെയ്ത് പുതിയൊരു പേരിൽ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കുന്ന രീതി മുമ്പും ഉണ്ടായിട്ടുണ്ട്. തദ്ദേശ സ്വയംഭരണം, റവന്യൂ, ഫിഷറീസ്, ആരോഗ്യം, ഇറിഗേഷൻ, വിദ്യാഭ്യാസം, ഭൂനികുതി തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട 30 നിയമങ്ങൾ ഭേദഗതി ചെയ്ത് 1979 മാർച്ച് 7-ന് സഭ പാസ്സാക്കിയ കേരള ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ആക്ടും വ്യത്യസ്തമായ 34 ആക്ടുകളിൽ ഭേദഗതി വരുത്തി 2000 മാർച്ച് 31-ന് സഭ പാസ്സാക്കിയ കേരള ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് ആക്ടും ഇതേ തരത്തിലുള്ള നിയമനിർമ്മാണങ്ങൾ തന്നെയായിരുന്നു. കൂടാതെ, അതതു വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട നിയമങ്ങളിൽ മാറ്റം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ നിയമനിർമ്മാണ പ്രക്രിയ കൂടുതൽ സൗകര്യപ്രദവും കാര്യക്ഷമവുമായി നിർവ്വഹിക്കപ്പെടുന്നതിനായി ധനകാര്യ ബില്ലുകൾ അവതരിപ്പിച്ച് പാസ്സാക്കുന്ന രീതി 1983 മുതൽ സഭയിൽ നിലനിൽക്കുന്നുണ്ട്.

എന്നാൽ, ഇത്തരത്തിൽ വ്യത്യസ്ത മൂലനിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ ക്ലബ്ബ് ചെയ്യുന്ന രീതി ആശാസ്യമല്ലെന്ന 1987-ലെ റൂളിംഗിനുശേഷം 2000-ൽ ഇതേരീതിയിൽ ബിൽ പാസ്സാക്കിയിട്ടുണ്ട്. ധനകാര്യ ബില്ലുകളുടെ കാര്യത്തിൽ മാത്രമല്ല, ഇന്നിവിടെ പരിഗണിക്കപ്പെടുന്ന ബില്ലുകളുടെ കാര്യത്തിലും മൂലനിയമത്തിലെ വ്യവസ്ഥകൾ വിശദമായി പരിഗണിക്കുന്നതിനായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളുടെ സംയുക്ത പരിഗണനയ്ക്ക് അയയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. നിയമനിർമ്മാണ പ്രക്രിയയുടെ വേഗത വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഒരു കീഴ്വഴക്കമെന്ന നിലയിൽ തുടർന്നുവരുന്ന പ്രക്രിയയായതിനാൽ നിയമസഭാ ചട്ടങ്ങളുടേയോ നടപടിക്രമങ്ങളുടേയോ കീഴ്‌വഴക്കങ്ങളുടേയോ യാതൊരു തരത്തിലുള്ള ലംഘനങ്ങളും ടി ബില്ലിന്റെ കാര്യത്തിൽ ഉണ്ടായിട്ടില്ല. എന്നാൽ ശ്രീ. വി. ഡി. സതീശൻ ഇവിടെ ഉന്നയിച്ചത് പരിഹരിക്കപ്പെടേണ്ട ഒരാക്ഷേപമായതിനാൽ അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരണം നൽകിയിട്ടുണ്ട്. മേലിൽ ഓർഡിനൻസുകളും അതിനുപകരമുള്ള ബില്ലുകളും തയ്യാറാക്കുന്ന സന്ദർഭങ്ങളിൽ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഭാഷാപരമായ ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ ആയിരിക്കേണ്ടതും അക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതുമാണെന്നും ചെയർ റൂൾ ചെയ്യുന്നു.

2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ

ആക്ടാകുമ്പോൾ ഉണ്ടായേക്കാവുന്ന ആശയക്കുഴപ്പം സംബന്ധിച്ച് ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച ആക്ഷേപത്തിന്മേൽ വ്യക്തത വരുത്തുന്നതാണ്.

## താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായി ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് വ്യവസായവും ധാതുക്കളും സംബന്ധിച്ച IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : പ്രമേയത്തെ പിന്താങ്ങുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സംസ്ഥാനത്ത് വ്യാപാര-വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും അനാവശ്യമായ പ്രതിബന്ധങ്ങളും നിയമപരമായ കാലതാമസവുമുണ്ടാകുന്നുവെന്നത് യാഥാർത്ഥ്യമാണ്. മനുഷ്യവിഭവശേഷി, സാങ്കേതിക വൈദഗ്ദ്ധ്യം, പ്രകൃതി വിഭവങ്ങളുടെ സാദ്ധ്യത എന്നിവ ഉണ്ടായിട്ടും കേരളത്തിൽ വേണ്ടത്ര വ്യവസായ സംരംഭങ്ങൾ ഉണ്ടാകുന്നില്ലെന്ന വിഷയം പരിശോധനയ്ക്ക് വിധേയമാക്കണം. 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബില്ലിന്റെ ഭേദഗതിയിലൂടെ പുതിയ വ്യവസായ-വ്യാപാര സംരംഭങ്ങൾ ആരംഭിക്കുന്നതിന് സമയബന്ധിതമായി ലൈസൻസും ക്ലിയറൻസും നൽകിക്കൊണ്ട് കേരളത്തിന്റെ വ്യാവസായികാന്തരീക്ഷവും നിക്ഷേപവും ഉയർത്തിക്കൊണ്ടുവരാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമാണ് ശ്രമിക്കുന്നത്. ഷോപ്സ് ആന്റ് കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിലെ വ്യവസ്ഥകളിൽ നിയമപ്രകാരം രേഖകൾ സമർപ്പിച്ചാൽ സമയബന്ധിതമായി രജിസ്ട്രേഷൻ നൽകണമെന്ന് പറഞ്ഞിട്ടുണ്ട്. സംസ്ഥാന-ജില്ലാ തലങ്ങളിലും വ്യാവസായികാടിസ്ഥാനത്തിലുള്ള ഏരിയകളിലും ബന്ധപ്പെട്ട

വകുപ്പുദ്യോഗസ്ഥരുടെ സമിതികളുണ്ടാക്കി സിംഗിൾ വിൻഡോ ക്ലിയറൻസിലൂടെ 30 ദിവസത്തിനുള്ളിൽ ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കേരളത്തിലെ ഹെഡ്‌ലോഡ് ജനറൽ വർക്കേഴ്സുമായി ബന്ധപ്പെട്ട നിയമത്തിൽ വരുത്തിയിട്ടുള്ള ഭേദഗതി സംബന്ധിച്ച് തൊഴിലാളി സംഘടനകൾക്കിടയിലുള്ള ആശങ്ക തികച്ചും അടിസ്ഥാന രഹിതമാണെങ്കിലും അക്കാര്യം ബില്ലിന്റെ അനന്തരഘട്ടത്തിൽ ചർച്ച ചെയ്ത് ചുമട്ടുതൊഴിലാളികളുടെ തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്തുന്നതാണ്.

ശ്രീ. സി. മമ്മൂട്ടി: I move that“ This House resolves to disapprove The Kerala Investment Promotion and Facilitation Ordinance, 2017 (Ordinance No.35 of 2017). സംസ്ഥാനത്തെ വിഭവശേഷി ഉപയോഗപ്പെടുത്തി പുതുതലമുറയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും നാടിന്റെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ പ്രവാസികളിൽ നിന്നും പരമാവധി ഇൻവെസ്റ്റ്മെന്റ് ആകർഷിക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരന്തരീക്ഷം സൃഷ്ടിക്കാനും സാധിക്കണം. സംസ്ഥാനത്തെ വിദ്യാസമ്പന്നരായ ചെറുപ്പക്കാരെ വ്യവസായ മേഖലയിലേയ്ക്ക് ആകർഷിച്ച് അവരുടെ വൈദഗ്ദ്ധ്യം പൂർണ്ണമായും ഉപയോഗപ്പെടുത്തി വ്യവസായ സംരംഭകരാക്കി മാറ്റുന്നതിന് ഫിനിഷിംഗ് സ്കൂൾ ആരംഭിക്കണം. ഗതാഗതയോഗ്യമായ റോഡുകളുൾപ്പെടെയുള്ള ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തി

നിക്ഷേപകരെ ആകർഷിക്കാനുള്ള നടപടി സ്വീകരിക്കണം. യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ഭാവിതലമുറയെ ലക്ഷ്യമാക്കി വിദ്യാഭ്യാസ നിലവാരം ഉയർത്തുകയും വേണം. പരിസ്ഥിതിക്കനുയോജ്യമായ രീതിയിൽ ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കണം. സംരംഭകർക്ക് കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം ലഭ്യമാക്കുകയും സംസ്ഥാനത്ത് നിക്ഷേപ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുകയും വേണം.

ശ്രീ. കെ. എസ്. ശബരീനാഥൻ: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് കേരളത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കൂടുതൽ നിക്ഷേപങ്ങൾ ഉണ്ടാകണം. ത്രിതല പഞ്ചായത്തുകളുടെ അധികാരങ്ങൾ കവരുന്ന തരത്തിലുള്ള ഭേദഗതികൾ തിരുത്തണം. വൈറ്റ് ഇൻഡസ്ട്രികൾക്കും ബ്ലൂ ഇൻഡസ്ട്രികൾക്കും സ്വയംപ്രഖ്യാപിത അനുമതി നൽകാമെന്ന് പറയുമ്പോൾ നിർമ്മാണ സമയത്തെ പാരിസ്ഥിതിക പ്രശ്നങ്ങൾക്കെതിരെ സ്വീകരിക്കുന്ന നടപടികളിൽ വ്യക്തത വരുത്തേണ്ടതാണ്. ബില്ലിന്റെ ഭേദഗതിയിൽ ചുമട്ടുതൊഴിലാളികളുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്ന പരാമർശങ്ങൾ ഒഴിവാക്കണം. സ്ഥലമേറ്റെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുകയും അനുയോജ്യമായ ഭൗതികസൗകര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്തുകൊണ്ട് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീ. വി. ഡി. സതീശൻ: 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-03-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റണം. തൊഴിലാളികളുടെ അവകാശങ്ങളും ആവശ്യങ്ങളും സംരക്ഷിച്ചുകൊണ്ട് സങ്കീർണ്ണമായ നടപടിക്രമങ്ങൾ ലഘൂകരിച്ച് ചെറുകിട-ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. കേരളത്തിലെ ഇത്തരം വ്യവസായ സംരംഭങ്ങളെക്കുറിച്ചുള്ള വ്യക്തമായ കണക്ക് ലഭ്യമാക്കണം. ജി.എസ്.ടി. വന്നതോടുകൂടി ചെറുകിട-ഇടത്തരം വ്യവസായങ്ങൾ പ്രതിസന്ധി നേരിടുകയാണ്. ജില്ലാ മെഡിക്കൽ ഓഫീസറിൽനിന്നുള്ള എൻ.ഒ.സി. ലിമിറ്റ് ചെയ്തിരിക്കുന്നത് അഭിനന്ദനാർഹമാണ്. സ്ഥാപനങ്ങൾ തുടങ്ങുന്നതിന് നിശ്ചിത സമയപരിധിക്കുള്ളിൽ ലൈസൻസ് ലഭ്യമാക്കിയില്ലെങ്കിൽ ഡീംഡ് ലൈസൻസ് കിട്ടുന്ന നടപടി സ്വാഗതാർഹമാണ്. തൊഴിലുടമയ്ക്ക് കയറ്റിറക്ക് ജോലിക്കായി സ്വന്തം തൊഴിലാളികളെയോ നിയമിക്കാനും മെഷിനറി ഉപയോഗിക്കാനുമുള്ള അധികാരം സംബന്ധിച്ച് പരിശോധന ആവശ്യമാണ്. കയറ്റിറക്ക് കൂലി നോക്കുകൂലിയുടെ ലെവലിലേയ്ക്ക് പോകാൻ അനുവദിക്കരുത്. സ്റ്റോപ് മെമ്മോ നൽകാനുള്ള ലോക്കൽ ബോഡീസിന്റെ അധികാരം എടുത്തുകളഞ്ഞിരിക്കുന്നത് അപലപനീയമാണ്.

2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ടിൽ ഫീസ് അടച്ച് പരിധിയില്ലാതെ ഭൂഗർഭജലം ഉപയോഗിക്കാം എന്ന ഭേദഗതി വന്നതിലൂടെ ഭൂഗർഭജലം ചൂഷണം ചെയ്യപ്പെടാൻ സാധ്യതയുണ്ട്. നിയമത്തിന്റെ അന്തസത്ത തകർന്ന് ആക്ടുതന്നെ ഇല്ലാതായിപ്പോകുന്ന ഈ ഭേദഗതി പിൻവലിക്കണം. ഹസാർഡസ് കാറ്റഗറിയിൽ വരുന്ന വ്യവസായ സ്ഥാപനങ്ങളെ ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ കൊണ്ടുവന്നാൽ ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യതയുള്ളതിനാൽ അത് പരിശോധിക്കണം. റവന്യൂ-വ്യവസായ വകുപ്പുകൾ തമ്മിൽ ഏകോപനമുണ്ടാക്കി ചെറുകിട ഇടത്തരം വ്യവസായ സംരംഭകരെ ബിൽഡിംഗ് ടാക്സിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം. ഒരു സമയത്ത് ജോലി ചെയ്യുന്നവരുടെ മാത്രം എണ്ണത്തെ അടിസ്ഥാനമാക്കി ടോയ്‌ലറ്റുകളുടെ എണ്ണം നിശ്ചയിക്കണമെന്ന ഭേദഗതി കൂടി ബില്ലിൽ കൊണ്ടുവരണം. നിയമത്തിൽ 'ഹസാർഡസ്' എന്ന പദത്തിന് നൽകിയിരിക്കുന്ന വ്യത്യസ്ത നിർവ്വചനങ്ങൾക്ക് ഏകോപനം ഉണ്ടാക്കണം. വ്യവസായ മേഖലയിൽ ഹയർ പർച്ചേസ് സ്കീമിൽ അനുവദിക്കുകയും പട്ടയം ലഭിക്കുകയും ചെയ്തിട്ടുള്ള പ്ലോട്ടുകൾ കൈവശമുള്ളവർ നിസാര ആവശ്യങ്ങൾക്കായി ഡിപ്പാർട്ടുമെന്റിനെ സമീപിക്കുമ്പോൾ പട്ടയം റദ്ദു ചെയ്ത് ലീസ് ആക്കി മാറ്റുന്ന നടപടി അവസാനിപ്പിക്കണം. ചെറുകിട ഇടത്തരം സംരംഭങ്ങളുടെ എൽ.ടി. കണക്ഷൻ

ലിമിറ്റ് 150 കെ.വി.എ. ആക്കി പുന:സ്ഥാപിക്കണം. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റണം.

ശ്രീ. ഡി. കെ. മുരളിക്കുവേണ്ടി (ശ്രീ. കെ. സുരേഷ് കുറുപ്പ്) : 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വ്യാവസായിക പിന്നോക്കാവസ്ഥയ്ക്കിടവരാത്തവിധം വിവിധ വകുപ്പുകളുടെ അധികാരം കവരാതെ വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സമ്മതപത്രം സമയബന്ധിതമായി ലഭ്യമാക്കുകയെന്നതാണ് ഈ ബിൽ കൊണ്ടുദ്ദേശിക്കുന്നത്. അപേക്ഷകൾക്ക് 30 ദിവസത്തിനകം അനുമതി നൽകിയില്ലെങ്കിൽ അത് ലഭിച്ചതായി കണക്കാക്കി സംരംഭം തുടങ്ങാൻ അനുമതി നൽകുന്നതാണ് ഈ ബിൽ. തെറ്റിദ്ധരിപ്പിച്ച് അനുമതി വാങ്ങിയാൽ 5 ലക്ഷം രൂപ പിഴ ഈടാക്കാനും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപേക്ഷകൾ ഓൺലൈനിലൂടെ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ഏഴ് നിയമങ്ങളാണ് ഭേദഗതി ചെയ്യുന്നത്. കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുക എന്നതാണ് ബില്ലിന്റെ പ്രധാന ഉദ്ദേശ്യം. ആഗോള-ഉദാരവൽക്കരണ നയങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കുന്നതിന് നടപടി കൈക്കൊള്ളുമ്പോൾ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്ന

നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന 13 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനും കയറ്റുമതി രംഗത്ത് കേന്ദ്രീകൃത വ്യവസായങ്ങൾക്കനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. വ്യവസായ സംരംഭങ്ങൾക്ക് സഹായകരമായ രീതിയിൽ കുറഞ്ഞ പവർ താരിഫാണ് ഈടാക്കിവരുന്നത്. സംസ്ഥാനത്ത് ചുമട്ടുതൊഴിലാളി നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): ചർച്ചയിൽ ഉയർന്നുവന്ന അഭിപ്രായങ്ങളെ സ്വാഗതം ചെയ്യുന്നു. ബില്ലിലെ ചില വ്യവസ്ഥകളിൽ പ്രകടിപ്പിച്ച ആശയക്കുഴപ്പങ്ങൾ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിലും നിയമനിർമ്മാണ ഘട്ടത്തിലും സമഗ്രമായി പരിശോധിക്കാവുന്നതാണ്. കാലാകാലങ്ങളിൽ ഭൂജല അതോറിറ്റി നിഷ്കർഷിക്കുന്ന അളവിൽ മാത്രമേ വ്യാവസായികാവശ്യങ്ങൾക്ക് ഭൂഗർഭ ജലം ഉപയോഗിക്കുന്നുള്ളൂവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. ജലം പുനരുപയോഗിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന ഭേദഗതി നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓൺ ലൈനിൽ അപേക്ഷ സമർപ്പിച്ച് 30 ദിവസത്തിനുള്ളിൽ ലൈസൻസ്

ലഭിക്കാതിരുന്നാൽ ലൈസൻസ് ലഭിച്ചതായി കണക്കാക്കാമെന്നുള്ള രേഖ ഓൺലൈനായിത്തന്നെ നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. പഞ്ചായത്തീരാജ് ആക്റ്റിലൂടെ ഗ്രാമപഞ്ചായത്തുകൾക്ക് ലഭിച്ച അധികാരം കവർന്നെടുക്കുന്നതിനുള്ള യാതൊരു ശ്രമവും ഗവൺമെന്റ് നടത്തിയിട്ടില്ല. സെക്രട്ടറിക്കോ അദ്ദേഹം നിയമിച്ച ഉദ്യോഗസ്ഥനോ അപേക്ഷ സ്വീകരിക്കാനും റിപ്പോർട്ടുകൾ ലഭ്യമാക്കാനുമുള്ള അധികാരം മാത്രമാണ് നൽകിയിട്ടുള്ളത്. സ്റ്റോപ് മെമ്മോ കൊടുക്കുന്നതിനും വ്യവസായ സ്ഥാപനം അടച്ചുപൂട്ടുന്നതിനുള്ള വിദഗ്ധ ഉപദേശം ലഭ്യമാക്കുന്നതിനും സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. ഫയർ ക്ലിയറൻസുമായി ബന്ധപ്പെട്ട കാര്യങ്ങൾ റൂൾസ് തയ്യാറാക്കുമ്പോൾ ആലോചിക്കാവുന്നതാണ്. അഗ്നിസുരക്ഷാ സേനയുടെ അവകാശങ്ങൾ ഹനിക്കുന്ന ഒരു നടപടിയും ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ജിയോ ടാഗിംഗ് മുഖേന വ്യവസായ രംഗത്തെ കണക്കെടുപ്പ് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയും ഡി.എം.ഒ. സർട്ടിഫിക്കറ്റും വേണമെന്നുള്ള നിബന്ധന ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ക്ലിനിക്കുകൾ എന്നിവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള നിയമങ്ങൾമൂലം

നിക്ഷേപകർക്കുണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കി സമയബന്ധിതമായി വ്യവസായം തുടങ്ങാനുള്ള സാഹചര്യമൊരുക്കാനാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-മായി സംയുക്തമായി പരിഗണിക്കുന്നതിന് വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

### (ii) 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി.

മൊയ്തീൻ): 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ഉം വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ഉം തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ഉം ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: I move that “ This House resolves to

disapprove the Kerala Investment Promotion and Facilitation (No.2) Ordinance, 2017 (Ordinance No.36 of 2017)."

ഈ നിയമം പാസ്സാകുമ്പോൾ വിവിധ മന്ത്രിമാരുടെ അധികാര പരിധിയിൽപ്പെടുന്ന വിഷയങ്ങൾ വ്യവസായ വകുപ്പിന്റെ കീഴിലാകുമെന്ന പ്രശ്നം നിലനിൽക്കുന്നുണ്ട്. 72, 73 ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി എടുത്ത തീരുമാനങ്ങളിൽ നിന്ന് ഗവൺമെന്റ് പിൻമാറുമ്പോഴുണ്ടാകുന്ന നിയമപ്രശ്നങ്ങൾ പരിശോധിക്കപ്പെടേണ്ടതാണ്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തുകൾക്ക് നൽകിയ അധികാരം സെക്രട്ടറിമാർക്ക് നൽകുന്നത് ജനകീയാസൂത്രണത്തിന്റെ അന്തഃസത്ത തകർക്കുന്നതാണ്. ഓൺലൈനിൽ ലൈസൻസിന് അപേക്ഷിച്ച് 30 ദിവസത്തിനുള്ളിൽ ഉത്തരവ് ലഭിക്കാതിരുന്നാൽ ലൈസൻസ് ലഭിച്ചതായി പരിഗണിക്കാമെന്നും പിന്നീട് എന്തെങ്കിലും ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ ലൈസൻസ് റദ്ദാക്കി അപേക്ഷകനുമേൽ അഞ്ച് ലക്ഷത്തിൽ കവിയാത്ത തുക പിഴയായി ചുമത്താവുന്നതുമാണെന്ന നിബന്ധന പുനഃപരിശോധിക്കേണ്ടതാണ്. വ്യവസായങ്ങൾക്കുവേണ്ടി ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമസ്ഥരെക്കൂടി വ്യവസായ സംരംഭത്തിന്റെ ഷെയർഹോൾഡേഴ്സ് ആക്കുകയും ഷെയർ ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള അധികാരം അവർക്ക് നൽകുകയും ചെയ്യണം. ഗവൺമെന്റ് നിയന്ത്രണത്തിലുള്ള ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ

ലഭ്യമാകുന്നതിനുള്ള അപേക്ഷകളിന്മേൽ മുപ്പത് ദിവസത്തിനുള്ളിൽ തീരുമാനം കൈക്കൊണ്ട് തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. വ്യവസായ സംരംഭങ്ങൾക്കാവശ്യമായ ഭൂഗർഭ ജലത്തിന്റെ അളവ് നിയമംമൂലം നിയന്ത്രണവിധേയമാക്കണം. ഇൻഡസ്ട്രിയൽ ഏരിയകളിലെ ഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിലുള്ള തടസ്സങ്ങൾ പരിശോധിക്കണം. ചുമട്ടുതൊഴിലാളികളെ സംരക്ഷിക്കുന്നതിനും നോക്കുകൂലി ഉൾപ്പെടെയുള്ള അനഭിലഷണീയമായ കാര്യങ്ങൾ അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലെ ഡിസ്പ്യൂട്ടുകൾ പരിഹരിക്കുന്നതിന് എല്ലാ സ്ഥലത്തും കൂടിയാലോചനാ സമിതികൾ രൂപീകരിക്കണം. തൊഴിലാളികളുടെ മിന്നൽ പണിമുടക്കുപോലുള്ള സാഹചര്യങ്ങൾ ഒഴിവാക്കുകയും കേരളത്തിന്റെ വ്യാവസായിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയും ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടിയുള്ള സാഹചര്യമൊരുക്കുകയും വേണം.

ശ്രീ. പി.അബ്ദുൽ ഹമീദിനുവേണ്ടി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. ഇത്തരം ഒരു ബിൽ കൊണ്ടുവരേണ്ട യാതൊരു അടിയന്തര സാഹചര്യവും നിലവിലില്ല. ഭൂമിയുടെ ലഭ്യതക്കുറവ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കേരളത്തിൽ പുകക്കുഴൽ വ്യവസായം പ്രോത്സാഹിപ്പിക്കാൻ സാധിക്കാത്ത

സാഹചര്യമാണുള്ളത്. ആധുനിക സാങ്കേതികവിദ്യകളുപയോഗിച്ച് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കണം. സ്റ്റാർട്ടപ്പ് കമ്പനികൾക്ക് മെച്ചപ്പെട്ട ഇൻഫ്രാസ്ട്രക്ചർ നൽകുകയും കെ.എസ്.ഐ.ഡി.സി., സ്റ്റാർട്ടപ്പ് മിഷൻ എന്നിവയുടെ ആഭിമുഖ്യത്തിലുള്ള ഇൻകുബേഷൻ സെന്ററുകളിൽ വ്യവസായത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഇൻഫ്രാസ്ട്രക്ചർ സംവിധാനം ഒരുക്കുകയും വേണം. 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി സംരംഭകർക്കാവശ്യമായ സഹായം നൽകുന്നതിനും ഉപകരണങ്ങളും അസംസ്കൃത വസ്തുക്കളും ലഭ്യമാക്കി ഹാർഡ്‌വെയർ ഇൻഡസ്ട്രി ശക്തിപ്പെടുത്തുന്നതിനും നടപടിയുണ്ടാകണം. യുവസംരംഭകരുടെ പരാജയഭീതി അകറ്റുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും കൂടുതൽ ഫിനിഷിംഗ് സ്കൂളുകൾ സ്ഥാപിക്കാൻ തയ്യാറാകണം. സാങ്കേതികപരിജ്ഞാനം നേടി പുറത്തിറങ്ങുന്ന വിദ്യാർത്ഥികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ വ്യവസായ വകുപ്പ് മുൻകയ്യെടുക്കണം. നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി മുൻ സർക്കാർ കൊണ്ടുവന്ന പദ്ധതികൾ തുടരാനുള്ള നടപടി സ്വീകരിക്കണം. പ്രവാസി നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് കൂടുതൽ ഭൗതികസാഹചര്യങ്ങൾ ഒരുക്കണം. ദുരൂഹതകളൊഴിവാക്കി ഓർഡിനൻസ് പിൻവലിച്ച് വ്യവസായ നയത്തിലധിഷ്ഠിതമായ സമഗ്ര നിയമനിർമ്മാണം കൊണ്ടുവരാൻ സർക്കാർ

തയ്യാറാകണം.

<u>ശ്രീ. കെ. മുരളീധരൻ:</u> 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-03-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രവാസികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിന് സംസ്ഥാനത്ത് കൂടുതൽ തൊഴിൽസംരംഭങ്ങൾ ആരംഭിക്കണം. സംസ്ഥാനത്തിന്റെ സാഹചര്യം മനസ്സിലാക്കി ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള നടപടിയുണ്ടാകണം. ഓർഡിനൻസ് കൊണ്ടുവന്ന് നിയമമാക്കുന്നതിനുപകരം സമഗ്രമായ നിയമനിർമ്മാണത്തിന് സർക്കാർ തയ്യാറാകണം. തദ്ദേശഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിതല ഉദ്യോഗസ്ഥർക്ക് തീരുമാനമെടുക്കാനുള്ള അവകാശം നൽകുന്ന നടപടി പുനഃപരിശോധിക്കണം. വ്യവസായങ്ങൾ തുടങ്ങുന്നതിന് ഭൂമി ലഭ്യമാക്കുന്നതിനും വായ്പ അനുവദിക്കുന്നതിനുമുള്ള നടപടി ഉദാരമാക്കണം. കൂടുതൽ സംരംഭകരെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിന് ഹർത്താൽ നിയന്ത്രണ ബിൽ കൊണ്ടുവരുന്ന കാര്യം പരിശോധിക്കണം.

<u>ശ്രീ. ആർ. രാജേഷ്:</u> 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക്

തൊഴിൽ കൊടുക്കാൻ കഴിയുന്ന തരത്തിലുള്ള മൈക്രോ/ചെറുകിട സംരംഭങ്ങൾ ആരംഭിക്കാനും ഒരു നവകേരളം സൃഷ്ടിക്കാനുമുള്ള നടപടിയുടെ ഭാഗമായാണ് ഇത്തരമൊരു നിയമനിർമ്മാണം കൊണ്ടുവരാൻ വ്യവസായ വകുപ്പ് മുൻകയ്യെടുത്തത്. നിക്ഷേപകരോടുള്ള ഉദ്യോഗസ്ഥരുടെ സമീപനത്തിൽ മാറ്റം ഉണ്ടാകണം. അപേക്ഷകളിന്മേൽ അനാവശ്യമായ കാലതാമസം ഉണ്ടാക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കേണ്ട വകുപ്പ് ബില്ലിൽ ഉൾപ്പെടുത്തണം. ലോക കേരള സഭയുടെ നടത്തിപ്പിലൂടെ പ്രവാസികളെ ആദരിച്ച സർക്കാർ നടപടി അഭിനന്ദനാർഹമാണ്. സംരംഭകർ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ അപേക്ഷകളിന്മേൽ തെറ്റുണ്ടെങ്കിൽ ആയത് അപേക്ഷകനെ ബോധ്യപ്പെടുത്തി തിരുത്തുന്നതിനാവശ്യമായ നടപടികൾ വേഗത്തിൽ സ്വീകരിക്കേണ്ടത് സംബന്ധിച്ച വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം. ആരോഗ്യ-മാലിന്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തുടർനടപടി സ്വീകരിക്കാൻ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് ശ്ലാഘനീയമാണ്. വ്യാവസായികാവശ്യങ്ങൾക്ക് ഭൂഗർഭ ജലം എടുക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്. വ്യവസായ സ്ഥാപനങ്ങളിൽ നിന്നും പുറന്തള്ളുന്ന മലിനജലം റീ-സൈക്കിൾ

ചെയ്യണമെന്ന ഭേദഗതി ഉൾപ്പെടുത്തിയ നടപടി അഭിനന്ദനാർഹമാണ്. മടങ്ങി വരുന്ന പ്രവാസികൾക്ക് കേരളത്തിൽ നിലവിലുള്ള വ്യവസ്ഥകളിൽ ഇളവുകൊടുത്ത് വ്യവസായ സംരംഭം ആരംഭിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്യേണ്ടതാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ എ.സി. മൊയ്തീൻ ): ബില്ലിന്റെ അവതരണത്തിൽ ദുരൂഹതയുണ്ടെന്നുള്ളത് നിരർത്ഥകമാണ്. സ്ഥായിയായ വ്യവസായ വളർച്ചയ്ക്ക് നിക്ഷേപ സൗഹൃദാന്തരീക്ഷമുണ്ടാക്കാൻ തടസ്സമായി നിൽക്കുന്ന വ്യവസ്ഥകളിൽ ഭേദഗതി വരുത്തുന്നതിന്റെ ഭാഗമായാണ് ഇത്തരമൊരു നിയമനിർമ്മാണം കൊണ്ടുവരാൻ തീരുമാനിച്ചത്. ഇതിലൂടെ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കും. പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 233, 233 (3) എന്നീ വകുപ്പുകൾ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള അധികാരത്തിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. ലൈസൻസ് ലഭ്യമാകുന്നതിനുള്ള പരമാവധി കാലയളവ് 30 ദിവസവും ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതിയുണ്ടായാൽ 15 ദിവസത്തിനുള്ളിൽ വിദഗ്ദ്ധ സമിതി റിപ്പോർട്ട് ഉണ്ടാകണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ

ക്ലിയറൻസ് ബോർഡിൽ തദ്ദേശ സ്ഥാപനത്തിൽനിന്നും ലൈസൻസ് ആവശ്യമായി വരുന്ന കേസുകളിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് /മുനിസിപ്പാലിറ്റി /കോർപ്പറേഷൻ അദ്ധ്യക്ഷൻമാർക്ക് അവരുടെ പൂർണ്ണ അവകാശം സംരക്ഷിച്ചുകൊണ്ട് ഏകജാലക ക്ലിയറൻസ് കൊടുക്കാവുന്നതാണ്. ഈ വകുപ്പുകളിലുണ്ടാകുന്ന ഭേദഗതികൾക്ക് വിധേയമായി ഏകജാലക സംവിധാനത്തിലൂടെ സമയബന്ധിതമായി ലൈസൻസുകൾ നൽകാനും പുതുക്കാനും കാലാവധി വർദ്ധിപ്പിക്കാനുമുള്ള നടപടികൾ വേഗത്തിലാക്കുന്നതാണ്. വ്യവസായ സൗഹൃദാന്തരീക്ഷത്തിനുവേണ്ടിയും പുതിയ സംരംഭങ്ങൾക്കുവേണ്ടിയും ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ ഗൗരവപൂർവ്വം പരിശോധിക്കുന്നതാണ്. വ്യവസായ സംരംഭകർക്കാവശ്യമായ ലോൺ സമയബന്ധിതമായി ലഭ്യമാകുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതാണ്. ഓരോ മേഖലയിലേയും പ്രശ്നങ്ങൾ പരിഹരിക്കാനായി വ്യവസായ മേഖലയെ അടിസ്ഥാനമാക്കി ഉണ്ടാകേണ്ട സമിതികളെ സംബന്ധിച്ച് സർക്കാർ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഭൂമിയുടെ പട്ടയത്തിന്റെ കാര്യത്തിൽ നിലവിലുള്ള പട്ടയത്തിന്റെ സ്ഥിതി തുടരാനാണ് തീരുമാനിച്ചിട്ടുള്ളത്. നോക്കുകൂലിയുമായി ബന്ധപ്പെട്ട് ചില പ്രദേശങ്ങളിൽ നിലനിൽക്കുന്ന അനഭിലഷണീയമായ പ്രവണതകൾക്കെതിരെ സർക്കാർ ഇടപെടലുണ്ടാകുന്നതാണ്. ജലം അസംസ്കൃത

വസ്തുവായി ഉപയോഗിക്കുന്ന വ്യവസായങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന ജലനിരപ്പിനുള്ളിൽനിന്ന് മാത്രമേ ജലം എടുക്കാനുള്ള അനുമതിയുണ്ടാകുകയുള്ളൂ. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് ബിൽ സംബന്ധമായ ഭേദഗതികളിൽ വ്യക്തത വരുത്താവുന്നതാണ്.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX എന്നിവ സംയുക്തമായി പരിഗണിക്കുന്നതിന് വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ ഉച്ചയ്ക്കുശേഷം 3.30-ന് പിരിഞ്ഞു.